LIBRARY ARCHIVES Kerala Legislative Assembly

കീഴൂരിലെ 33 കെ. വി. സബ്സ്റ്റേഷന്റെ പണി

88 (240) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി താലൂക്കിലെ കീഴൂരിൽ സ്ഥാപിക്കുന്ന 33 കെ. വി. സബ്സ്റ്റേഷന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) പണി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സബ്സ്റ്റേഷൻ സ്ഥാപിക്കുവാനുള്ള സ്ഥലം എടുക്കുവാൻ ഉള്ള നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. എഗ്രിമെന്റ് കോഴിക്കോട് കലക്ടർക്ക് അയച്ചുകൊടുത്തിരിക്കുകയാണ്. സ്ഥലം കൈമാറി ആറുമാസത്തിനുള്ളിൽ പണി പൂർത്തീകരിക്കാമെന്ന വ്യവസ്ഥയിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കുറ്റ്യാടി പദ്ധതിയുടെ എക്സ്റ്റൻഷൻ

89 (241) ശ്രീമതി രാധാരാഘവൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി പദ്ധതിക്ക് ഒരു അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇതിന്റെ എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതിന്റെ പണി പൂർത്തിയാകുമ്പോൾ എസ്റ്റിമേറ്റ് തുകയേക്കാൾ കൂടുതൽ തുക ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ പ്രതീക്ഷിക്കുന്ന തുക എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതിയിൽ കക്കയത്ത് 100 മെഗാവാട്ട് (2X50 മെഗാവാട്ട്) സ്ഥാപിത ശേഷിയുള്ള പവർ ഹൗസ് നിർമ്മാണമാണ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ നിലവിലുള്ള 3X25 മെഗാവാട്ട് പവർ ഹൗസിന്റെ വികസന പദ്ധതിയായ 1X50 മെഗാവാട്ടിന്റെ അനുബന്ധമായാണ് ഈ പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്. ഈ പദ്ധതിയിൽ 2X50 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഒരു പവർ ഹൗസ് ടണൽ, സർജ്ജ് ഷാഫ്റ്റ്, പെൻസ്റ്റോക്ക്, ഇൻടേക്ക് സ്ട്രക്ച്ചർ എന്നിവയുടെ നിർമ്മാണമാണ് പ്രധാനമായിട്ടുള്ളത്. ഈ പദ്ധതി പൂർണ്ണമാകുമ്പോൾ 204 മില്യൻ യൂണിറ്റ് വൈദ്യുതി ഉൽപാദന വർദ്ധനവ് പ്രതീക്ഷിക്കുന്നു.